'കൎമ്മലകുസുമ'ഗ്രന്ഥാവലി. നമ്പർ ൧.

# കത്തോലിക്കസഭ.

കെ. ഇ. ജോബ് ബി. ഏ. എഴുതിയതു്.

(പരിശുദ്ധ പിതാവു് ൧൫ ാം ബനദിക്തോസ് മാൎപ്പാപ്പാ
തിരുമനസ്സിലെ ഛായാപടത്തോടുകൂടിയതു്.)

MANNANAM:

PRINTED AT T[illegible]E ST. JOSEPH'S PRESS.

192[illegible].

Nihil obstat.
Fr. James Kalachery,
*Censor Deput.*

Imprimatur,
† T[illegible]s Kurialachery,
*Bp. [illegible]. Changana[illegible]rry.*
2. 9[illegible].

# കത്തോലിക്കാസഭ.

## ഒന്നാം അദ്ധ്യായം.

## ക്രിസ്തുവിൻെറ ദിഗ്ജയം.

ഇരുപതു ശതാബ്ദത്തിനുമുമ്പ് റോമ്മാ ചക്രവൎത്തികളുടെ പ്രാബല്യകാലമായിരുന്നു. യൂറോപ്പ്, ആഫ്രിക്കാ എന്നീ ഭൂഖണ്ഡങ്ങളിലെ പ്രധാനപ്പെട്ട പല ഭാഗങ്ങളും അവർ കീഴടക്കിവാണുവന്നു. ദേവാവതാരമായി പരിഗണിക്കപ്പെട്ടുപോന്ന ചക്രവൎത്തികളെ പ്രജകൾ ഭക്തിപൂൎവ്വം താണുവീണു ആദരിക്കുകയും പതിവായി. പക്ഷെ റോമ്മാസാമ്രാജ്യവും സാമ്രാട്ടും ഇത്ര പ്രഭാവത്തോടുകൂടിയിരുന്ന കാലങ്ങളിൽത്തന്നെ, സാമ്രാജ്യശ്രീക്കു ആന്തരികമായി ഒന്നിലധികം വ്യാധികൾ പിടിപെട്ടിട്ടുണ്ടായിരുന്നു. ഈ വ്യാധികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്ന് സന്മാൎഗ്ഗക്ഷയമായിരുന്നു. സാധുക്കളായ വിദേശിയരെ ഞെരുക്കിപ്പിഴിഞ്ഞു പണമുണ്ടാക്കുന്ന കാൎയ്യത്തിൽ റോമ്മാക്കാർ ഒട്ടും മടിച്ചിരുന്നില്ല. അന്യായപലിശയും കൈക്കൂലിയും ക്രമരഹിതമായ കരംചുമത്തലും അവിടെ ദിനംതോറും വൎദ്ധിച്ചുതന്നെവന്നു. ഇങ്ങനെ ലഭിച്ച പണം റോമാക്കാർ അവരുടെ മൃഗീയസൌഖ്യങ്ങൾക്കുവേണ്ടിയാണ് ചെലവാക്കിയിരുന്നതു്. മയിൽക്കോഴിത്തല തുടങ്ങിയുള്ള അപൂൎവ്വസാധനങ്ങളെക്കൊണ്ടുള്ള വിരുന്നുകളും, വജ്രവൈഡൂൎയ്യങ്ങളും പട്ടുവസ്ത്രങ്ങളുംകൊണ്ടുള്ള അലങ്കാരങ്ങളും, നീചമായ പ്രാപഞ്ചികസുഖങ്ങളും അനുഭവിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിൽ റോമൻ പ്രഭുക്കൾ വളരെ ശുഷ്കാന്തി പ്രദൎശിപ്പിച്ചുവന്നു. ഈസമയത്തുതന്നെ സാമ്രാജ്യത്തിലെ പ്രജാസഞ്ചയം സ്വാതന്ത്ര്യരഹിതന്മാരും നിൎദ്ധനന്മാരുമായി വശംകെട്ടുകയായിരുന്നു.



ഇപ്രകാരം ക്ഷയോൻമുഖമായ റോമ്മാസാമ്രാജ്യം അണയാറായ ദീപംപോലെ ചുരുങ്ങിയകാലത്തേക്ക് പ്രകാശിച്ചുകൊണ്ടിരുന്ന സമയത്തായിരുന്നു ലോകരക്ഷകനായ യേശുക്രിസ്തു ഭൂലോകജാതനായത്. യൂദന്മാർ, റോമാക്കാർ, യവനന്മാർ മുതലായി അക്കാലത്തുണ്ടായിരുന്ന സർവ്വജാതിക്കാരുടെയും ദുരാചാരങ്ങളെ ക്രിസ്തു എതിർത്തു. റോമാക്കാർ ക്രൂരന്മാരും ഭോജനപ്രിയന്മാരുമായിരുന്നു. ക്രിസ്തുവാകട്ടെ ഉപവാസത്തേയും ശാന്തശീലത്തെയും ഉപദേശിച്ചു. ഗ്രീക്കുകാർ വ്യഭിചാരികളും അവിശ്വാസികളുമായിരുന്നു. ക്രിസ്തു അതിന്നു വിപരീതമായി ശുദ്ധതയേയും ദൈവവിശ്വാസത്തെയും പഠിപ്പിച്ചു. ഇതുമെന്ന്യ ക്രിസ്തു യൂദന്മാരുടെ കാപട്യത്തേയും ഹൃദയമാലിന്യത്തെയും ആക്ഷേപിച്ചുവെന്നു മാത്രമല്ല, താൻ യൂദന്മാരുടെ രാജാവാണെന്നും സാക്ഷാൽ ഈശ്വരപുത്രനാണെന്നുംകൂടി വെളിപ്പെടുത്തി. യൂദന്മാരാകട്ടെ അവരുടെ റോമൻ ഭരണകർത്താക്കളാകട്ടെ ഇതു സഹിച്ചില്ല. അവർ ക്രിസ്തുവിനെ രാജദ്രോഹകുററത്തിന്മേൽ പിടിച്ചു് അക്കാലത്തെ നീചശിക്ഷയായിരുന്ന കുരിശുമരണത്തിനു് വിധിക്കുകയുംചെയ്തു.

പക്ഷേ ക്രിസ്തുവിനെ വധിച്ചതുകൊണ്ടു് ക്രിസ്തുമതം ഇല്ലാതായില്ല. അതിനാൽ ക്രിസ്ത്യാനികൾക്കെതിരായി രാജ്യനിയമങ്ങൾ പാസ്സാക്കപ്പെട്ടു. തൻമൂലം പല ക്രിസ്ത്യാനികൾ മരിക്കേണ്ടതായി വന്നുകൂടി. ഒരാളെ കല്ലെറിഞ്ഞുകൊന്നു; അന്യനെ തിളച്ച എണ്ണയ്ക്കകത്തു പിടിച്ചിട്ടു; വേറൊരാളെ ഇരിമ്പുകട്ടിലിന്മേൽ കിടത്തി മീതെ തീയുമിട്ടു. എങ്ങനെയായാലും മരിച്ച ക്രിസ്ത്യാനികളുടെ രക്തം ശേഷിച്ചവൎക്കു് ധൈര്യത്തെയും സ്ഥൈര്യത്തെയും കൊടുത്തതേയുള്ളു. അക്കാലത്തു ജീവിച്ചിരുന്ന ക്രിസ്ത്യേതരനായ ടാസിററസ് (Tacitus) എന്ന പ്രസിദ്ധ ചരിത്രകാരന്നു് ഈ 'മിഥ്യാമത'ത്തിൻെറ അഭിവൃദ്ധി കണ്ടിട്ടു് വലിയ അത്ഭുതം തോന്നിയതായി അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

ക്രിസ്തുമതത്തോടു തുടങ്ങിയ ഏതാദൃശ ഉപദ്രവങ്ങൾ ക്രമേണ കുറഞ്ഞുവന്നു. ക്രിസ്തുമതത്തിൻെറ പരമശത്രുവായിരുന്ന സവുൽ എന്ന റോമൻ യോദ്ധാവുതന്നെ അതിൻെറ ഒരു വലിയ പ്രേഷകനായിത്തീൎന്നു. ഇദ്ദേഹമാണല്ലോ വിശുദ്ധ പൌലോസ് അപ്പസ്തോലൻ. ഇതുപോലെതന്നെ കോൺസ്റ്റൻെറയി[illegible]

ചക്രവർത്തിയും നാലാംശതാബ്ദത്തിൽ മനസ്സുതിരിഞ്ഞു ക്രിസ്തുമതം അനുസരിച്ചു. ഒരു യുദ്ധത്തിൽ വിജയം കിട്ടുന്നതിനായി അദ്ദേഹം "ക്രിസ്ത്യാനികളുടെ ദൈവത്തോടു" പ്രാർത്ഥിച്ചതായും, തൽഫലമായി ആകാശത്തിൽ ഒരു കുരിശും അതിന്റെതാഴെ "ഈ അടയാളത്തിൽ നീ ജയിക്കും" എന്നുള്ള ലിപികളും അദ്ദേഹം കണ്ടതായും ഒടുവിൽ അത്ഭുതകരമാംവണ്ണം അദ്ദേഹം ജയം പ്രാപിച്ചതായും ചരിത്രം ഘോഷിക്കുന്നു. ഇദ്ദേഹം മാനസാന്തരപ്പെട്ടശേഷം റോമ്മാനഗരം വിട്ട് കരിങ്കടൽ തീരത്തുപോയി കോൺസ്റ്റാൻറിനോപ്പിൾ പട്ടണംസ്ഥാപിച്ചു വാണിരുന്നു. റോമ്മാപ്പട്ടണമാകട്ടെ വിശുദ്ധ പത്രോസിന്റെ അനന്തരഗാമികളായ മാർപ്പാപ്പാമാരുടെ ആസ്ഥാനമെന്നുള്ള നിലയിൽ ലോകത്തിലെ മുഖ്യ ക്രൈസ്തവ കേന്ദ്രസ്ഥാനമായി പരിലസിക്കുകയും ചെയ്തു.

ക്രിസ്തുമതത്തിന് റോമ്മാച്ചക്രവർത്തികളിൽനിന്നു കിട്ടിയ ഈ ചെറിയ വിജയത്തിന് താമസിയാതെതന്നെ വിഘ്നങ്ങളും നേരിട്ടു. ജൂലിയാൻ എന്ന ചക്രവർത്തി റോമാക്കാരുടെ പൂർവ്വമതം പുനഃസ്ഥാപിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തു. ക്രിസ്ത്യാനികളെ കഴിയുന്നവിധത്തിലെല്ലാം ഉപദ്രവിക്കുവാൻ ഈയാൾ ഉദ്യമിച്ചു. കല്ലിന്മേൽ കല്ലു ശേഷിക്കയില്ലെന്ന് മ്ശിഹാ യെരുശലേം ദേവാലയത്തെക്കുറിച്ചു പ്രവചിച്ചിരുന്നോ, ആ യെറുശലേം ദേവാലയം വീണ്ടും പണികഴിപ്പാൻ ചക്രവർത്തി കല്പനയായി. പണിതുടങ്ങിയ അവസരത്തിൽ ഭൂഗർഭത്തിൽനിന്നു അഗ്നിജ്ജ്വാലയും പുകയും ഇടതൂർന്നു വന്നതുമൂലം പണി നിറുത്തേണ്ടതായി വന്നുകൂടി. ദുർബുദ്ധികളായ ചക്രവർത്തികളുടെ ഉപദ്രവങ്ങളിൽ നിന്നൊക്കെയും ക്രിസ്റ്റീയസഭ ഒടുവിൽ ഇങ്ങനെ വിജയംപ്രാപിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

അഞ്ച്, ആറ് ഈ നൂററാണ്ടുകളിൽ റോമാ സാമ്രാജ്യം ക്രമേണ അധഃപതിച്ചു. അപരിഷ്കൃതന്മാരായ ജെർമ്മൻജാതിക്കാരും ഏഷ്യാക്കാരും യൂറോപ്പിനെ പിടിച്ചടക്കി ഭരിച്ചുവന്നു. ഇററലി, സ്പെയിൻ തുടങ്ങിയുള്ള രാജ്യങ്ങളിലെ ക്രിസ്തുമതത്തെ ഇല്ലായ്മചെയ്യുന്നതിനും ഇവർ ശ്രമിക്കാതിരുന്നില്ല. പക്ഷേ റോമ്മയിൽനിന്നും മാർപ്പാപ്പാമാർ ഇവരെ മനസ്സുതിരിക്കുന്നതിലേക്ക് മിഷ്യനറിമാരെ അയച്ചു. ഈ വഴിയ്ക്കു ക്രിസ്ത്യാനികളുടെ

പരമശത്രുക്കൾ മതതീക്ഷ്ണതയുള്ള ക്രിസ്ത്യാനികളായിപ്പരിണമിക്കുകയുണ്ടായി. ഈ വർഗ്ഗക്കാരുടെ നായകനായ പ്രസിദ്ധ കാറൽമാൻ ചക്രവർത്തി (768 – 814) അനേക മെത്രാസനങ്ങളും സന്യാസഭവനങ്ങളും സ്ഥാപിക്കുകയും അവയ്ക്കു് ആവശ്യമുള്ള സ്ഥലങ്ങൾ കരമൊഴിവായി കൊടുക്കുകയും ചെയ്തു.

ഇത്രയും പ്രസ്താവിച്ചതുകൊണ്ടു് ക്രൈസ്തവമാർഗ്ഗം യൂറോപ്പിൽ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു വിചാരിച്ചുകൂടാ. പലസ്തീനാ, ഏഷ്യാമൈനർ, പേർഷ്യാ, ഇന്ത്യാ, ചൈനാ ഈ ഭൂഭാഗങ്ങളിലേക്കും ക്രിസ്തീയമാർഗ്ഗം ആദ്യകാലം മുതൽ വ്യാപിച്ചിരുന്നു എന്നുള്ളതു നിർവിവാദമാണു്. എന്നുമാത്രമല്ല, പൌരസ്ത്യസഭ പാശ്ചാത്യസഭയേക്കാൾ ഏറെറം ഉപരിയായ ഒരു സ്ഥാനത്തെ പ്രാപിച്ചിരുന്നുവെന്നും ഓർത്തിരിക്കേണ്ടതാണു്. ക്രിസ്തുവിൻെറ ഈ ദിഗ്ജയത്തിൽനിന്നു് ക്രൈസ്തവസഭ ആദ്യം മുതൽ 'കത്തോലിക്കാ' അഥവാ സാർവ്വത്രികമായിരുന്നുവെന്നുള്ളതു് വിശദമാണല്ലോ.

## രണ്ടാം അദ്ധ്യായം.

# സഭയിലെ അന്തഃഛിദ്രങ്ങൾ.

ലോകപരിത്രാതാവായ ഈശോ സ്ഥാപിച്ച കത്തോലിക്കാസഭയുടെ അംഗങ്ങളിൽ ആദ്യകാലം മുതൽ മതസംബന്ധമായ കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ശ്ലീഹന്മാരുടെ നടവടി ൧൫-ാം അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്നതുപോലെ, അങ്ങനെയുള്ള അവസരങ്ങളിൽ പത്രോസിൻെറ അനന്തരഗാമികളുടെ ആദ്ധ്യക്ഷത്തിൽ പൊതുയോഗങ്ങൾകൂടി ആവക അഭിപ്രായഭേദങ്ങളെ നിർമ്മൂലമാക്കുകയും പതിവായിരുന്നു. ക്രിസ്ത്വബ്ദം ൩൨൫-ൽ അപ്രകാരം ഒരു പൊതുസൂനഹദോസ് നിക്യാപ്പട്ടണത്തിൽവച്ചു കൂടുകയുണ്ടായി. ദൈവസുതൻ നിത്യനല്ലെന്നും തൻമൂലം അദ്ദേഹം പിതാവായ ദൈവത്തെപ്പോലെയുള്ള ദൈവികപുരുഷനല്ലെന്നും ഒരു നൂതനവാദം ആരിയൂസ് എന്ന ഒരു മനുഷ്യൻ പുറപ്പെടുവിച്ചതുകൊണ്ടാണു് ഈ സൂനഹദോസ് ആവശ്യമായിത്തീർന്നതു്. അവിടെ കൂടിയി

രുന്ന ൩൧൮ മെത്രാന്മാരിൽ ഒന്നു് "പേഷ്യായുടേയും വലിയ ഇന്ത്യയുടേയും മെത്രാനായിരുന്ന" മാർ യോഹന്നാൻ ആയിരുന്നുവെന്നുള്ളതു് പൌരസ്ത്യ ഭാരതീയ കത്തോലിക്കർക്കു് വളരെ അഭിമാനകരംതന്നെയാണു്. അരിയൂസിന്റെ അബദ്ധാഭിപ്രായത്തിനു് ക്ഷണികമായ ഒരു ഊർജ്ജിതം കാണപ്പെട്ടു എങ്കിലും അതു് കാലാന്തരത്തിൽ ക്ഷയിച്ചു നാമാവശേഷമായിപ്പോയി.

പിന്നീടു് പ്രബലപ്പെട്ട അബദ്ധാഭിപ്രായം 'നെസ്റ്റോറിയസ്' എന്ന പാത്രിയർക്കീസിന്റേതായിരുന്നു. ക്രിസ്തുവിൽ വ്യത്യസ്തമായ രണ്ടു് ആളുകളുണ്ടെന്നും, അതിൽ മാനുഷികപുരുഷന്റെ മാതാവാണു് പരിശുദ്ധ കന്യാസ്ത്രീമറിയമെന്നും ആയിരുന്നു ഇദ്ദേഹത്തിന്റെ പഠനം. ൪൩൧-ാമാണ്ടു് എഫേസൂസിൽ കൂടിയ പൊതുസൂനഹദോസിൽവച്ചു് ഈ പഠനം അബദ്ധമെന്നു വിധിക്കപ്പെട്ടു. എങ്കിലും നെസ്റ്റോറിയൻശീസ്മ പിന്നെയും വളരെക്കാലം പ്രബലപ്പെട്ടു നിലനിൽക്കുകയും ഒട്ടുവളരെ അന്തഃഛിദ്രങ്ങൾക്കു് വഴിക്കൂട്ടുകയും ചെയ്തു.

നെസ്റ്റോറീസിനോടു് ധൈര്യസമേതം പോരാടിയ കൂട്ടരിൽ ഒരാൾ എവുത്തിക്കിയോസ് ആയിരുന്നു. ഇദ്ദേഹമാകട്ടേ ഒരു നൂതനതത്വത്തെ പ്രചരിപ്പിക്കയാണു ചെയ്തതു്. സാക്ഷാൽ ദൈവപുത്രനും സാക്ഷാൽ മനുഷ്യനുമായ ക്രിസ്തുവിൽ ഒരേക ആളേയുള്ളു; ആ ആൾ ദൈവികപുരുഷൻ മാത്രമാണു്; അപ്രകാരംതന്നെ അദ്ദേഹത്തിന്റെ മനുഷ്യസ്വഭാവം ദൈവസ്വഭാവജലധിയിൽ സങ്കരിച്ചു ശൂന്യപ്രായമായിരിക്കുന്നതിനാൽ ദൈവസ്വഭാവമെന്ന ഏകസ്വഭാവംമാത്രമേ അദ്ദേഹത്തിനുള്ളു എന്നിങ്ങനെയായിരുന്നു എവുത്തിക്കിയോസ് പ്രചരിപ്പിച്ച അഭിപ്രായം. ൪൫൧-ൽ കൽച്ചദോനിയായിൽ കൂടിയ സൂനഹദോസിൽ വച്ചു് ഈ അഭിപ്രായവും കത്തോലിക്ക സഭാനേതാക്കന്മാർ ശപിച്ചു. എവുത്തിക്കിയോസിന്റെ അഭിപ്രായത്തെയാണു് അദ്യാപി യാക്കോബായക്കാർ വിശ്വസിച്ചുപോരുന്നതു്. പ്രസ്തുത സഭയുടെ ആധുനികസ്ഥിതി വളരെ ശക്തിമത്തല്ലെങ്കിലും ആദ്യകാലങ്ങളിൽ ഇവർക്കു് ശക്തിയും ജനസംഖ്യയും ഒട്ടും കുറവല്ലായിരുന്നു. ഇക്കാരണത്താൽ ക്രിസ്തീയ സഭയിൽ ഉണ്ടായിട്ടുള്ള അന്തഃഛിദ്രങ്ങളും വളരെയാണു്.

ഇക്കാലഘട്ടങ്ങളിൽ സഭയുടെ പരിശുദ്ധമായ പഠനങ്ങളെ പിൻതാങ്ങുന്നതിനും ശത്രുക്കളുടെ അഭിപ്രായങ്ങളെ യുക്തിയുക്തമായി ഖണ്ഡിക്കുന്നതിനും പ്രാപ്തരായി അനേകം സഭാപിതാക്കൾ ജീവിച്ചിരുന്നു. വിശുദ്ധന്മാരായ അത്തനാസിയോസ്, ബസീലിയോസ്, ക്രിസോസ്തോമ്മോസ്, ഈറാനീമ്മോസ്, അഗുസ്തിനോസ്, ക്കുറില്ലോസ് ഇവരുടെ പേരുകൾ ഇവിടെ പ്രസ്താവ്യമാണ്. തപോധനന്മാരായ സന്യാസ സഭക്കാരും ഇതിനിടെ വർദ്ധിച്ചുവരികമൂലം ക്രിസ്തീയസഭയ്ക്കു ഊർജ്ജിതവും പുഷ്ടിയും ഒന്നിനൊന്നു വളർന്നുവന്നു.

പക്ഷേ പൌരസ്ത്യസഭയെ സംബന്ധിച്ചിടത്തോളം ഈ വ്യാഴദശ നീണ്ടുനിന്നില്ല. കോൺസ്റ്റാൻറിനോപ്പോളിലേക്കു പോയി അവിടെ ഭരിച്ചുവന്നിരുന്ന ചക്രവത്തികൾ, സഭയുടെ അധികാരികൾക്കു വശപ്പെടുന്നതിനു പകരം അവരെ ഭരിക്കുവാൻ ആരംഭിച്ചു. അവിടുത്തെ വൈദികർ ഭക്തിയിൽ ക്ഷയിച്ചു; ലൌകികർ മത്സരബുദ്ധികളായി; ചുരുക്കിപ്പറഞ്ഞാൽ ൧൦ഠരം-ാമാണ്ടിടയ്ക്കു പൌരസ്ത്യക്രിസ്ത്യാനികളിൽ ഭൂരിപക്ഷം മാർപ്പാപ്പായുടെ അധികാരത്തിൽനിന്നു പിന്മാറി; തൻമൂലം അവർ കത്തോലിക്കാ ഐക്യത്തിൽനിന്നു വേർതിരികയും ചെയ്തു. ഈ വേർപാടിനെ നീക്കി കിഴക്കൻസഭകളും കത്തോലിക്കസഭയും തമ്മിൽ കൂട്ടി ഇണക്കുന്നതിനു പല പരിശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും അദ്യാപി അത് സാധിച്ചിട്ടില്ല.

ക്രിസ്തുവിൽനിന്നു തൻെറ ശിഷ്യഗണത്തിനു ലഭിച്ചിട്ടുള്ള വിശ്വാസ സത്യങ്ങളെ ദൂഷിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളെല്ലാം ഇപ്രകാരം കത്തോലിക്കസഭ ദൂരീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള അവസരങ്ങളിൽ ഏതാനും അനുസരണയില്ലാത്ത മക്കളെ വേർതിരിക്കുന്നതിനും സഭ നിർബന്ധിതയായിട്ടുണ്ട്. എങ്കിലും അവരുടെ പുനരാഗമത്തെ അവൾ മാതൃതുല്യമായ സ്നേഹാദരത്തോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. സത്യപഠനത്തോടുള്ള അവളുടെ കൌതുകം അവളുടെ സാർവ്വത്രികത്വത്തിനു ഒരിക്കലും ഒരു കളങ്കമായി ഭവിക്കുന്നതല്ലല്ലോ.

## മൂന്നാം അദ്ധ്യായം.

## കുരിശു യുദ്ധങ്ങൾ.

ലോകചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള യുദ്ധങ്ങളിൽവച്ച് കുരിശുയുദ്ധത്തിനോളം പ്രാധാന്യമുള്ളവ വളരെച്ചുരുക്കമാണ്. ക്രിസ്ത്വാബ്ദം ഏഴാം നൂററാണ്ടിൽ മഹമ്മദീയമതം സ്ഥാപിതമായശേഷം മഹമ്മദീയ ശക്തികളും ക്രിസ്ത്യാനികളും തമ്മിൽ മതസംബന്ധമായിട്ടുണ്ടായ വിരോധമാണ് കുരിശുയുദ്ധങ്ങളുടെ കാരണം. ൧൧-ാംശതകത്തിന്റെ മദ്ധ്യത്തോടുകൂടി സെൽജൂക്ക് തുക്കികൾ ബാഗ്ദാദു പിടിക്കുകയും, താമസിയാതെ സിറിയാ, പലസ്തീനാ മുതലായി ക്രിസ്തുവിന്റെ ഇഹലോകവാസത്താൽ പരിപൂതമായ പ്രദേശങ്ങൾ, മഹമ്മദീയ സേനകൾക്കു കീഴടങ്ങുകയും ചെയ്തു. യൂറോപ്പിന്റെ പല ഭാഗങ്ങളിൽനിന്നും തീത്ഥാടനത്തിനായി പോയിരുന്ന ക്രിസ്ത്യാനികളെ തക്കംനോക്കി മഹമ്മദീയർ ഉപദ്രവിക്കാനും തുടങ്ങി. തീത്ഥയാത്രക്കാരോടു തുക്കികൾ ക്രൂരവും കുടിലവുമായ വിധത്തിലാണ് വത്തിച്ചുപോരുന്നതു് എന്നുള്ള വത്തമാനം കാട്ടുതീപോലെ ക്രിസ്തീയലോകം മുഴുവനിലും വ്യാപിച്ചു. ഇതും പോരാഞ്ഞിട്ടു് അന്നു കോൺസ്റ്റാൻറിനോപ്പിൾ രാജധാനിയിൽ ഭരിച്ചിരുന്ന ചക്രവത്തിമാരുമായി തുക്കികൾ 'കൊമ്പുവച്ചു്' തുടങ്ങുകയും ചിലപ്പോഴൊക്കെ ക്രിസ്ത്യാനികൾ തോൽക്കുകയും ഉണ്ടായി. സ്പെയിനിലും തുക്കികളുടെ ശക്തി ക്രമേണ കൂടിത്തുടങ്ങി. അപ്പോഴേക്കു യൂറോപ്യൻ ക്രിസ്ത്യാനികൾക്കാകപ്പാടെ തങ്ങളുടെ ജാതീയ ശത്രുക്കളായ മഹമ്മദീയരോട്ട് എതിരിടുന്നതിനുള്ള മോഹം വദ്ധിച്ചുകൊണ്ടുവന്നു.

അയിടക്കു് ക്രിസ്തീയ സഭാനേതാവായ പരിശുദ്ധ പിതാവു് ഉർബാൻ ദ്വിതീയൻ (൧൦൯൫-ൽ) ഒരു വലിയ സംഘം വിളിച്ചുകൂട്ടി, തങ്ങളുടെ മതസംബന്ധമായ സ്വാതന്ത്ര്യങ്ങളെപ്പുലത്തിക്കൊണ്ടു പോകുന്നതിനായി യുദ്ധം ചെയ്യുന്നതിനു ക്രിസ്ത്യാനികളെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. ക്രിസ്തീയലോകം മുഴുവനിലും മാപ്പാപ്പായുടെ ശാസന അനുസരിക്കപ്പെട്ടു.

ഫ്രാൻസ്, ഇംഗ്ലണ്ട്, ഇററലി, ജൎമ്മനി മുതലായി സകല രാജ്യങ്ങളിൽനിന്നും ക്രിസ്തീയമതത്തിൻെറ സ്വാതന്ത്ര്യത്തെ പാലിക്കുന്നതിനായി അനവധി ആളുകൾ പലസ്തീനായിലേക്കു തിരിച്ചു. ഇപ്രകാരം പുറപ്പെട്ട ആളുകൾ തങ്ങളുടെ വസ്ത്രങ്ങളോടു ചേൎത്ത് ഒരു കുരിശൻെറ ഛായ പതിച്ചിരുന്നതിനാലാണ് "കുരിശുയുദ്ധം" എന്ന പേരിൽ ഈ യുദ്ധം അറിയപ്പെട്ടു വരുന്നത്. ഇങ്ങനെ ഒരു യുദ്ധം പ്രസ്തുത കാലഘട്ടം കഴിഞ്ഞതിൻെറ ശേഷം ഉണ്ടാകയാകട്ടെ, യൂറോപ്പിലുള്ള ക്രിസ്തീയശക്തികൾ എല്ലാംകൂടി ഒത്തൊരുമിച്ച് അന്യമതസ്ഥനായ ഒരു മഹാശക്തിയോടു പടവെട്ടുകയാകട്ടെ ഉണ്ടായിട്ടില്ല. അതിനാലാണ് കുരിശുയുദ്ധങ്ങൾക്ക് അനന്യയുദ്ധസാധാരണമായ ഒരു പ്രാധാന്യം ലോകചരിത്രത്തിലുണ്ടെന്നു മേൽ പ്രസ്താവിച്ചത്.

പക്ഷെ ആദ്യം വളരെ ഊൎജ്ജിതമായിത്തുടങ്ങിയ ഈ കുരിശുയുദ്ധങ്ങൾകൊണ്ട് ഗണ്യമായ വല്ല ഫലവും യൂറോപ്പിനാകട്ടെ, ക്രിസ്തീയലോകത്തിനാകട്ടെ, ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ആദ്യത്തെ കുരിശുയുദ്ധത്തിൽ രാജാക്കന്മാരുടെ ശക്തിയേക്കാൾ ക്രിസ്തീയജനസാമാന്യത്തിൻെറ ഏകോപിതമായ ശക്തിയായിരുന്നു മുന്നിട്ടു നിന്നത്. ഫ്രാൻസ്, ഇററലി, ജൎമ്മനി, നോൎമണ്ഡി മുതലായി വിവിധരാജ്യക്കാരായ ക്രിസ്ത്യാനികൾ കൂട്ടംകൂടി കരമാൎഗ്ഗവും ജലമാൎഗ്ഗവുമായി കിഴക്കോട്ടു പലസ്തീനാ രാജ്യത്തേക്കു യാത്രയായി. പൌരസ്ത്യസൂൎയ്യൻെറ ചുടുചുടെന്നുള്ള വെയിലുകൊണ്ടു വലഞ്ഞും, ദീൎഘകാലപ്രയാണംകൊണ്ട് ക്ഷീണിച്ചും, എന്നാൽ മതതീക്ഷ്ണതകൊണ്ടു ഉന്മേഷപ്പെട്ടും നമ്മുടെ യാത്രക്കാർ പലസ്തീനാദേശത്തെത്തി തുൎക്കികളോടു സമരവും തുടങ്ങി. വേണ്ടപോലെയുള്ള നേതൃത്വമാകട്ടെ, മുൻകൂട്ടി വേണ്ട ഒരുക്കങ്ങളാകട്ടെ ഇല്ലാതെ ചെയ്യപ്പെട്ട ഈ ആയോധനങ്ങൾ വളരെയൊന്നും വിഫലമാകാതെയിരുന്നതുതന്നെ ഒരു വലിയ അത്ഭുതമായി ഗണിക്കേണ്ടിയിരിക്കുന്നു. ഒടുവിൽ ക്രിസ്ത്യാനികൾ യെറുശലേം പട്ടണം വളയുകയും ദൈവാനുഗ്രഹത്താൽ അകത്തേക്കു കടക്കുകയും, ക്രിസ്തീയസേനകളുടെ വാളുകൾ സാരസന്മാരുടെ (മഹമ്മദീയരുടെ) രക്തപാനംകൊണ്ടു സവിശേഷം തൃപ്തിപ്പെടുകയും ചെയ്തു. ഇപ്രകാരം പിടിച്ചെടുക്കപ്പെട്ട ക്രിസ്തുവിൻെറ ജന്മഭൂമിയിൽ ക്രിസ്തീയമായ ഒ

രാജ്യം സ്ഥാപിക്കപ്പെടുകയുമുണ്ടായി. ഇതിനുപുറമേ, ക്രിസ്തീയ തീർത്ഥയാത്രക്കാരുടെ സഹായത്തിനും തുർക്കികളോടു എതിരിടുന്നതിനുമായി ഏതാനും സന്യാസസഭകളും ഏർപ്പെടുത്തപ്പെട്ടു.

എന്നാൽ പലസ്തീനയിലെ ക്രിസ്ത്യാനികളുടെ ചുരുക്കവും, കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവർത്തികളുടെ വിരോധവുംകൊണ്ടു് മുൻപറഞ്ഞ ക്രിസ്തീയരാജ്യം ക്രമേണ ക്ഷയോന്മുഖമാവുകയും തുർക്കികൾ ഒന്നിനൊന്നു ബലപ്പെട്ടുവരികയും ചെയ്തു. തന്മൂലം യൂറോപ്പിലെ രാജാക്കന്മാരിൽ പ്രമുഖന്മാരായ ഫ്രാൻസിലെ ലൂയീസു് ഏഴാമൻ, കോൺറാഡു് ചക്രവർത്തി ഇവരുടെ നേതൃത്വത്തിൽ രണ്ടാമതായി ഒരു കുരിശുയുദ്ധം നടത്തി. പക്ഷേ അക്കാലത്തു ജീവിച്ചിരുന്ന വി. ബെർണാർദ് പറഞ്ഞിരിക്കുന്നതുപോലെ, "പാശ്ചാത്യക്രിസ്ത്യാനികളുടെ പാപങ്ങൾക്കു ശിക്ഷയായിട്ടു" ദൈവം അവർ യുദ്ധത്തിൽ പരാജിതരാകുന്നതിനാണു് സംഗതിയാക്കിയതു്. സാലഡിൻ എന്ന നാമത്താൽ അദ്യാപി സുപ്രസിദ്ധനായ മഹമ്മദീയയോദ്ധാവു്, യറുശലേം പട്ടണംകൂടി വീണ്ടെടുത്തുകളഞ്ഞു എന്നു പറഞ്ഞാൽ, ക്രിസ്ത്യാനികളുടെ തോൽവിയെപ്പററി അനുമിച്ചു കൊള്ളുകയാണു് എളുപ്പം. അതിനാൽ മൂന്നാമതായി ഒരു കുരിശുയുദ്ധംകൂടി അവശ്യപ്പെട്ടു. ചക്രവർത്തിയായിരുന്ന ഫ്രെഡറിക്കു ബാർബറോസാ, ഇംഗ്ലണ്ടിലെ റിച്ചാർഡു് രാജാവു്, ഫ്രാൻസിലെ ഫിലിപ്പു ദ്വിതീയൻ മുതലായ നാടുവാഴികളുടെ നേതൃത്വത്തിലാണു് ഈ യുദ്ധം ആരംഭിച്ചതു്. പക്ഷേ കാലക്രമേണ അസൂയയും വിരോധവും ഈ രാജാക്കന്മാർ തമ്മിൽത്തമ്മിലുണ്ടായി. ചക്രവർത്തി മുക്കിക്കൊല്ലപ്പെട്ടു; ഫ്രാൻസും, ഇംഗ്ലണ്ടും തമ്മിൽ ഉണ്ടായ ചില സൌന്ദര്യപ്പിണക്കങ്ങൾ മൂത്തു മൂർദ്ധന്യത്തെ പ്രാപിച്ചു; ഫിലിപ്പു താമസിയാതെ സ്വദേശത്തേക്കു മടങ്ങി; റിച്ചാർഡാകട്ടെ വലിയ കാര്യസാദ്ധ്യമൊന്നുംകൂടാതെ തിരിയെ പോരേണ്ടതായും വന്നു; ഒടുവിൽ മാർഗ്ഗമദ്ധ്യേ അദ്ദേഹം ബന്ധനസ്ഥനാകയും ചെയ്തു. ഇങ്ങനെ മൂന്നാമത്തെ കുരിശുയുദ്ധത്തിന്റെ ഫലവും കേവലം "ശൂന്യ"മായി കലാശിച്ചു.

അനന്തരമുണ്ടായിട്ടുള്ള കുരിശുയുദ്ധങ്ങളുടെ കഥയും ഏകദേശം ഇതുപോലെ തന്നെയാണു്. നാലാമത്തെ കുരിശുയു

ദ്ധം മഹമ്മദീയശക്തിയോടു എതിരിടുന്നതിനു പകരം (Zara) സാറാ, കൊൺസ്റ്റാൻറിനോപ്പിൾ ഈ ക്രിസ്തീയ നഗരങ്ങളുടെ നേരെ പാഞ്ഞു കൊള്ളി വയ്ക്കുകയാണ് ചെയ്തതു്. അഞ്ചാമത്തെ കുരിശുയുദ്ധത്തിൽ മഹമ്മദീയ ശക്തിയുടെ അസ്ഥാനമായിരുന്ന ഈജിപ്റ്റിലേക്കാണ് ക്രിസ്ത്യാനികൾ ദൃഷ്ടിവെച്ചതെങ്കിലും, അവക്കു അവിടെ വന്നുഭവിച്ചതു തോൽവിയാണ്. പിന്നീടു ഫ്രാൻസിലെ രാജാവായിരുന്ന വിശുദ്ധ ലൂയീസിൻെറ നേതൃത്വത്തിൽ നടന്ന കുരിശുയുദ്ധംകൊണ്ടും ഗണ്യമായ യാതൊരു പിടിയും ക്രിസ്ത്യാനികൾക്കു പലസ്തീനാ പ്രദേശങ്ങളിൽ കിട്ടിയില്ല. ഇതിനുശേഷവും ഏതാനും കുരിശുയുദ്ധങ്ങൾ നടന്നതായി ചരിത്രത്തിൽ കാണുന്നുണ്ടെങ്കിലും, അവയുടെ ഉദ്ദേശ്യം ആദ്യത്തെ കുരിശുയുദ്ധങ്ങളുടേതുപോലെ മഹമ്മദീയ ശക്തികളോടുള്ള പോരാട്ടമല്ലായിരുന്നു. ആകപ്പാടെ പറയുന്നതായിരുന്നാൽ കുരിശുയുദ്ധത്തിൽനിന്ന് അതിൻെറ ആദിമപ്രവത്തകന്മാർ വിചാരിച്ചിരുന്നതുപോലെയുള്ള യാതൊരു ഫലവും സിദ്ധിക്കുകയുണ്ടായില്ല. പിൽക്കാലങ്ങളിൽ ക്രിസ്ത്യാനികൾക്കു തങ്ങളുടെ രക്ഷകൻെറ ശവകുടീരസന്ദശനം സുകരമായിത്തീൎന്നുവെങ്കിലും, ആ വിശുദ്ധ സ്ഥലം അവരുടെ ഭരണത്തിലാക്കുന്നതിനു സാധിക്കാതെയിരിക്കുകയായിരുന്നു.

ഈ മഹൽകൃത്യമാണല്ലൊ ബ്രിട്ടീഷ് സാമ്റാജ്യം ഇക്കഴിഞ്ഞ കൊല്ലത്തിൽ നിർവഹിച്ചു കഴിഞ്ഞിരിക്കുന്നതു്. യൂറോപ്പുഖണ്ഡത്തിലെ തുക്കിയുടെ നിലയും ബ്രിട്ടീഷ്ഗവമ്മെണ്ടിൻെറ സ്ഥിതിയും ആലോചിച്ചുനോക്കിയാൽ, അടുത്ത ഭാവിയിലെങ്ങും പ്രസ്തുത വിശുദ്ധ സ്ഥലങ്ങൾ നഷ്ടപ്പെട്ടുപോകുമെന്നു വിചാരിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. യൂറോപ്പിലെ കെങ്കേമന്മാരായിരുന്ന ചക്രവത്തികളും രാജാക്കന്മാരും ഒരുമിച്ചു പ്രവത്തിച്ചിട്ടും സാധിക്കാതെ പോയ ഒരു മഹൽകൃത്യം, ഇതാ ബ്രിട്ടീഷ് സിംഹം തൻെറ അജയ്യമായ പാദങ്ങൾക്കധീനപ്പെടുത്തിയിരിക്കുന്നു! കാലഗതി സവ്വദാ മാറിക്കൊണ്ടാണല്ലോ ഇരിക്കുന്നതു്. ഒരിക്കൽ അസാദ്ധ്യമായി തോന്നുന്ന കാൎയ്യം പിന്നൊരിക്കൽ ക്ഷിപ്രസാദ്ധ്യമായി പരിണമിക്കുന്നു. ദൈവം തൻെറ അഗാധമായ ജ്ഞാനംമൂലം തൻെറ ജനങ്ങളുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും കാണുന്നു. കാലചക്രത്തിൻെറ തിരിച്ചി

പൂൎത്തിയാകുമ്പോൾ, അവിടുന്നു പ്രസ്തുത ആവശ്യങ്ങളെ ഫലിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു.

## നാലാം അദ്ധ്യായം.

## വൈദികവും ലൌകികവും.

കുരിശുയുദ്ധങ്ങളുടെശേഷം പാശ്ചാത്യരാജ്യങ്ങളിലാകപ്പാടെ ഒരു പുതിയ ജീവനും ഉന്മേഷവും ഉണ്ടായി. ഏതൽപൎയ്യന്തം സന്ന്യാസാശ്രമങ്ങളിൽ മാത്രം പുലൎത്തപ്പെട്ടു പോന്നിരുന്ന മാനസിക പരിഷ്കാരം ഇപ്പോഴത്തെ ജനസാമാന്യത്തിന്റെ ഇടയിൽ വ്യാപിച്ചുതുടങ്ങി. വിശുദ്ധന്മാരും പണ്ഡിതന്മാരുമായിരുന്ന മഹാത്മാക്കളുടെ പ്രസംഗഫലമായി സൎവ്വകലാശാലകളും വിദ്യാലയങ്ങളും യൂറോപ്പിൽ വൎദ്ധിച്ചു. ഇപ്പോൾ സുപ്രസിദ്ധ വിദ്യാഭ്യാസകേന്ദ്രങ്ങളായ ഓക്ക്സ്ഫോർഡ്, കെയിംബ്രിഡ്ജ്, പാരീസ് മുതലായ സൎവ്വകലാശാലകൾ ഇങ്ങനെയുള്ളവയാണ്. വിശുദ്ധിക്കും പാണ്ഡിത്യത്തിനും ഒന്നുപോലെ പേരു കേട്ടിരുന്ന ആൻസ്ലേം, ആൽബർട്ട്, തോമ്മസ് അകിനാസ് മുതലായ മഹാത്മാക്കളായിരുന്നു ഈ സൎവ്വകലാശാലയുടെ പ്രസംഗപീഠങ്ങളെ അലങ്കരിച്ചിരുന്നത്.

സന്ന്യാസ സഭകളെ, കാലഗതിക്കനുസരിച്ചു പരിഷ്കരിച്ചു പുഷ്ടിപ്പെടുത്തുന്നതിനു വേറൊരു സംഘം പൂജ്യപാദന്മാർ ശ്രമിച്ചുവന്നു. വിശുദ്ധന്മാരായ ബെൎണ്ണാർദ്ദ്, റൊമുവാൾഡ്, ബ്രൂണോ, ദൊമിനിക്ക്, പ്രാൻസീസ് അസ്സീസ്സി, ഇവരുടെ പരിശ്രമഫലമായി സഭക്കും സമുദായത്തിനും എത്ര കണ്ടു ഗുണം സംഭവിച്ചുവെന്നു പരിഗണിക്കുവാൻ പ്രയാസംതന്നെയാണ്. സാധുക്കളെ സഹായിക്കുക, രോഗികളെ ശുശ്രൂഷിക്കുക, അടിമകളെ മോചിപ്പിക്കുക; മിഷ്യനറിമാരെ ദിഗന്തരങ്ങളിലേക്ക് അയക്കുക എന്നിതുകളായിരുന്നു ഇവരുടെ മുഖ്യ കൃത്യങ്ങൾ.

ഈ സന്ന്യാസാശ്രമങ്ങളുടെ സന്താനങ്ങൾ റോമാസിംഹാസനത്തെ അലങ്കരിച്ചപ്പോൾ ഭക്തിസംവൎദ്ധകങ്ങളും സമുദായ പരിപോഷകങ്ങളുമായ പല പരിഷ്കാരങ്ങൾമൂലം കത്തോലിക്കസഭ അഭിവൃദ്ധിയെ പ്രാപിച്ചുവന്നതിൽ എന്താണത്ഭുതം?

പക്ഷെ മദ്ധ്യശതകങ്ങളിലെ ഈ അഭിവൃദ്ധി അധിക വും വൈദികരെ സംബന്ധിച്ചായിരുന്നുവെന്നു പറയാം. രാജ്യത്തിൽ അരകപ്പാരുടെ യുദ്ധങ്ങളും കലഹങ്ങളും പിടിച്ചുപറിയും കുത്തിക്കൊലയും വൎദ്ധിച്ചിരുന്നു. സഞ്ചാരത്തിനും വ്യാപാരത്തിനും ഒട്ടും സൌകൎയ്യമുണ്ടായിരുന്നില്ല. ഈവക സമാധാനക്കേടുകളെ ഇല്ലാതാക്കുന്നതിന് അന്നത്തെ രാജാക്കന്മാൎക്കു സാധിച്ചില്ല. ആ ജോലി അപൂൎണ്ണമായിട്ടെങ്കിലും വഹിച്ചു ജീവിതസൌകൎയ്യമുണ്ടാക്കിക്കൊടുക്കുന്നതിനും തിരുസഭയ്ക്കേ സാധിച്ചുള്ളു.

ഗൌരവതരങ്ങളായ വേറെ പല ദൂഷ്യങ്ങളും അക്കാലത്തു നടന്നിരുന്നു. അക്കാലത്തെ ലൌകികാധികാരികളായിരുന്ന രാജാക്കന്മാരും ചക്രവൎത്തികളും യഥേഷ്ടം മെത്രാന്മാരെ നിയമിക്കുകയും അവരുടെ സ്ഥാനചിഹ്നങ്ങളെ പ്രദാനം ചെയ്യുകയും ചെയ്തുപോന്നു. ഈ മെത്രാന്മാർ ലൌകികാധികാരികളുടെ ഇഷ്ടാനുസരണം പ്രവൎത്തിക്കുകയും തങ്ങളുടെ ദിവ്യമായ ഉദ്യോഗത്തിൻെറ വിലയെ അവഗണിക്കുകയും ചെയ്തു. ധൎമ്മശൂരനായ ഗ്രിഗോരിയോസ് സപ്തമൻ എന്ന മാൎപ്പാപ്പാ ഈ ദുരാചാരങ്ങളോടെതിരിട്ടു. വൈദികവും ലൌകികവുമായ ശക്തികൾ വളരെക്കാലത്തേക്കു പോരാടിപ്പോന്നു. ഈ ശണ്ഠകളിലൊക്കയും സന്യാസസഭക്കാർ ന്യായമായ സകലവിധ ഒത്താശകളും മാൎപ്പാപ്പാമാൎക്കു ചെയ്തുകൊണ്ടിരുന്നു. ചക്രവൎത്തികൾക്ക് അവരുടെ സൈന്യങ്ങളും ധനവും സഹായത്തിനുണ്ടായിരുന്നുവെങ്കിലും ഒടുവിൽ സഭാനേതാക്കന്മാർ തന്നെയാണ് വിജയം പ്രാപിച്ചതു്. പക്ഷെ ഇരുപാട്ടുകാൎക്കും ഗണ്യമായ പല ഇടിവും തട്ടുകയുണ്ടായി.

## അഞ്ചാം അദ്ധ്യായം.

# മതനവീകരണം.

പതിനാറാം നൂററാണ്ടിൽ യൂറോപ്പിലുണ്ടായിട്ടുള്ള ഒരു പരിവൎത്തനത്തെയാണല്ലോ മതനവീകരണമെന്നു നാം സാധാരണ പറയാറുള്ളതു്. ഇതു കേവലം മതസംബന്ധമായ ഒരു പരിവൎത്തനമാണെന്നു പറഞ്ഞുകൂടാ. നിഗ്രഹങ്ങളായ പ...

ഘടകങ്ങളുടെ കൂട്ടിമുട്ടൽകൊണ്ടാണ് ഇതു സംഭവിച്ചിട്ടുള്ളതു്. ഭരണസംബന്ധമായും സാമുദായികമായും ഉള്ള ജനങ്ങളുടെ അതൃപ്തി മൂദ്ധന്യത്തെ പ്രാപിച്ചിരുന്ന അവസരത്തിലായിരുന്നു മതനവീകരണത്തിൻെറ ആരംഭം. ജമ്മനിയിലുള്ള വിററൻബഗ്ഗ് സവ്വകലാശാലയിലെ അദ്ധ്യാപകനായിരുന്ന മാർട്ടിൻ ലൂതർ എന്ന വൈദികനാണ് മതനവീകരണത്തിനു് അടിസ്ഥാനമിട്ടതു്. ദണ്ഡവിമോചനം സംബന്ധിച്ച് ടെററ്സർ എന്നു പേരായ ഒരു വൈദികൻ ചെയ്ത ചില അബദ്ധങ്ങളെ ഖണ്ഡിച്ചുകൊണ്ടാണ് മാർട്ടിൻ ലൂതർ രംഗപ്രവേശനം ചെയ്തതു്. ഇതു കേവലം നിരാക്ഷേപമായ ഒരു സംഗതിയായിരുന്നു. പക്ഷെ രംഗത്തിറങ്ങിയ വെളിച്ചപ്പാടു വെറുതെ തിരിച്ചുപോയില്ല. മാപ്പാപ്പായുടെ അധികാരം കേവലം അന്യായമായിട്ടുള്ളതാണെന്നും കുർബാന, കുമ്പസാരം, നോമ്പ്, നമസ്കാരം മുതലായവയൊക്കെ അനാവശ്യപ്രവൃത്തികളാണെന്നും, രക്ഷപെടുവാൻ വിശ്വാസം മാത്രം മതിയാകുമെന്നും, വൈദികരും കന്യാസ്ത്രീകളും കല്യാണം കഴിക്കണമെന്നും മററുമായിരുന്നു ഈ വൈദികൻെറ പഠനപരമ്പര. ഇദ്ദേഹം ഇങ്ങനെയൊക്കെ പറഞ്ഞുവെന്നു മാത്രമല്ല അതുപോലെതന്നെ പ്രവൃത്തിമൂലം കാണിച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ഭാര്യ ഒരു കന്യാസ്ത്രീയായിരുന്നുവെന്നുള്ളതു് പ്രസിദ്ധമാണല്ലോ. വേദപുസ്തകം മാത്രമേ വിശ്വസിക്കാവൂ എന്നായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം. എത്ര നീചനായ ഒരു പാപിക്കും വിശ്വാസം മാത്രമുണ്ടെങ്കിൽ നരകശിക്ഷയില്ലെന്നു വിധികല്പിച്ച ഈ നവീകരണകത്താവിനെ അനുഗമിപ്പാൻ ധാരാളം ആളുകളുണ്ടായതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലോ. അന്യാഗ്രഹികളായ ഇ പ്രഭുക്കൾ സഭയുടെ സ്വത്തുക്കളെ അമത്തുന്നതിലേക്ക് ലൂതറിനെ അനുഗമിച്ചു. സുഖവഴിക്കാരായ രസികന്മാർ അവരുടെ താന്തോന്നിത്തരങ്ങൾക്കു സ്വാതന്ത്ര്യം കൊടുക്കുന്ന ആളിനെപ്പററി ബഹുമാനമുണ്ടാകാതിരിക്കുമോ? മതനവീകരണം ജമ്മനിവിട്ട്, സ്വിററ്സർലണ്ട്, ഇംഗ്ലണ്ട്, ജെനീവാ മുതലായ പ്രദേശങ്ങളിലേക്കും പടന്നുപിടിച്ചു. വിശുദ്ധകുർബാനയിൽ മ്ശിഹായുടെ സാന്നിദ്ധ്യമില്ലെന്നു സ്വിംഗ്ലിയും, മനുഷ്യവഗ്ഗത്തിൻെറ ഒരു ഭാഗം യാതൊരു കുററവും ചെയ്യാതെ നരകത്തിൽ പോകുമെന്നു്

കാൽവിനും പ്രസംഗിച്ചു. പള്ളികളിൽ ഉണ്ടായിരുന്ന പ്രതിമകളേയും തിരുവസ്തുക്കളേയും എല്ലാം ഇവർ നശിപ്പിച്ചു. ഇംഗ്ലണ്ടിലെ രാജാവ് ഹെൻറി എട്ടാമൻ ആദ്യത്തിങ്കൽ ഒരു "വിശ്വാസസംരക്ഷക"നായിരുന്നുവെങ്കിലും ഒരു പ്രണയകലഹം മൂലമായി കത്തോലിക്ക സഭയിൽനിന്നു പിരിഞ്ഞു പ്രൊട്ടസ്റ്റാൻറുമതാനുവത്തിയായിത്തീരുകയുണ്ടായി.

ഇപ്രകാരം ഒരു കാട്ടുതീപോലെ പടർന്നുപിടിച്ച നവീകരണ പരിവത്തനത്തിരയെ തടഞ്ഞുനിറുത്തി കത്തോലിക്ക സഭയുടെ ശക്തിയെയും ശുദ്ധിയെയും യശസ്സിനേയും പരിപാലിക്കുന്നതിനായുള്ള പരിശ്രമങ്ങളും ഇതിനിടയിൽ പ്രത്യക്ഷപ്പെട്ടു. അതിലേക്ക സഭാനേതാക്കന്മാർ ചെയ്ത പ്രഥമശ്രമം പ്രസിദ്ധമായ ത്രെന്തോസ് സൂനഹദോസ് വിളിച്ചുകൂട്ടുകയായിരുന്നു. പ്രസ്തുത സൂനഹദോസ് നവീകരണകത്താക്കളുടെ നശീകര പഠനങ്ങളെ നല്ലവണ്ണം പരിശോധിച്ചു ശപിച്ചു. തദനന്തരം സഭയുടെ ഭരണാദികാര്യങ്ങളിൽ ഒളിച്ചുകേറിയ മാലിന്യങ്ങളെ ദൂരീകരിക്കുന്നതിന് വേണ്ട ഏപ്പാടുകൾ ചെയ്യപ്പെട്ടു. എന്നിട്ടും നവീകരണ കത്താക്കൾ തിരിച്ചുവരികയാകട്ടെ തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസത്തെ പുനരവലംബിക്കുകയാകട്ടെ ചെയ്തില്ല. ത്രെന്തോസ് സൂനഹദോസിൻെറ നിശ്ചയങ്ങളെയും ആദശങ്ങളെയും നടപ്പിൽ വരുത്തുന്നതിലേക്ക പ്രധാന പരിശ്രമങ്ങൾ ചെയ്തത് അക്കാലത്തു സ്ഥാപിതമായ ഈശോസഭയുടെ അംഗങ്ങളായിരുന്നു. മാർട്ടിൻ ലൂതറിൻെറ സമകാലീനനായ വിശുദ്ധ ഇഗ്നാസിയോസ് ലയോളയാൽ സ്ഥാപിതമായ ഈ സഭയുടെ അംഗങ്ങളിൽനിന്ന് കത്തോലിക്ക സഭക്കു കിട്ടിയിട്ടുള്ളതും കിട്ടിക്കൊണ്ടിരിക്കുന്നതുമായ സാഹായ്യസഹകരണങ്ങൾക്ക് അതിരില്ലതന്നെ. പ്രസ്തുത സഭാംഗമായ വിശുദ്ധ ഫ്രാൻസീസ് സേവിയർ എന്ന പുണ്യപൂരുഷൻെറ മതതീഷ്ണതയും അത്ഭുത പ്രവത്തനാശക്തിയും മൂലം ഇന്ത്യയിലും ജപ്പാനിലും കത്തോലിക്ക മതത്തിനുണ്ടായിട്ടുള്ള വ്യാപ്തി അന്യാദൃശമാകുന്നു. ഇതുപോലെ തന്നെ പുത്തനായി കണ്ടുപിടിക്കപ്പെട്ട അമേരിക്കൻ ഭൂഖണ്ഡത്തിലും മിഷ്യനറിമാർ ക്രിസ്തുവിനെ പ്രസംഗിച്ചു കത്തോലിക്കസഭക്കു ജനസംഖ്യ വദ്ധിപ്പിച്ചു. മനുഷ്യരെ കൊന്നു തിന്നുന്ന ജാതിക്കാരുടെ ഇടയിൽ പോലും കത്തോലിക്ക മിഷ്യനറിമാരെ

ണാമായിരുന്നു എന്നു പറഞ്ഞാൽ അവരുടെ മതതീക്ഷ്ണതയുടെ പരിണാമം ഊഹ്യമാണല്ലൊ. തന്നിമിത്തം യൂറോപ്പിലെ കത്തോലിക്കർ അവരുടെ വിശ്വാസത്തിൽ ഉറയ്ക്കുകയും, അന്യരാജ്യങ്ങളിൽ സഭയുടെ ജനസംഖ്യ വർദ്ധിക്കുകയും ചെയ്തു. ഇങ്ങനെ യൂറോപ്പിൽ സഭയ്ക്കുണ്ടായ നഷ്ടം അമേരിക്കയിലും ഏഷ്യയിലും സിദ്ധിച്ച ലാഭംകൊണ്ട് നിശ്ശേഷം തീൎന്നുപോകയുണ്ടായി.

## ആറാം അദ്ധ്യായം

# പരന്ത്രീസ് പരിവൎത്തനം.

൧൬-ാം നൂററാണ്ടിലെ മേല്പറഞ്ഞ മതനവീകരണ പരിവൎത്തനത്തിൻെറ ഫലമായിട്ടാണ് നാമിപ്പോൾ കാണുന്ന അസംഖ്യം ക്രൈസ്തവ സഭാവിഭാഗങ്ങളിൽ ഭൂരിപക്ഷവും ഉണ്ടായിട്ടുള്ളതു. ഓരോ കക്ഷിക്കും ആധാരഭൂതമായ വേദപുസ്തകം ഒന്നുമാത്രമാണെങ്കിലും അവയിൽനിന്നും അവർ ഉളവാക്കുന്ന വ്യാഖ്യാനങ്ങൾ വിവിധങ്ങളും പരസ്പര വിരുദ്ധങ്ങളുമാകുന്നു. ലൂതർ മരിച്ചു നാല്പതു വൎഷം തികയുന്നതിനുമുമ്പിൽ എൺപതു തരത്തിലുള്ള വിഭാഗങ്ങൾ പ്രോട്ടസ്റ്റൻറു സഭയിൽത്തന്നെയുണ്ടായി. ഇങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോഴേക്ക് ക്രിസ്തീയ വിശ്വാസമൊട്ടും തന്നെയില്ലാത്ത ചില ആളുകൾ ഇംഗ്ലണ്ടിലും ഫ്രാൻസിലും കാണപ്പെട്ടു. ദൈവ വെളിപാടെന്നും, അത്ഭുത പ്രവൃത്തികളെന്നും ക്രിസ്തുവിൻെറ ദൈവത്വമെന്നും പറയുന്നതൊക്കെ വെറും മിഥ്യാബോധമാണെന്നു പ്രസംഗിക്കുകയായിരുന്നു ഇവരുടെ ജോലി. പരിശുദ്ധ വസ്തുക്കളെയും സഭയുടെ അധികാരികളെയുംപററി ദൂഷ്യപ്രസ്താവനകൾ ചെയ്യുക, അസാന്മാൎഗ്ഗിക പ്രവൃത്തികൾ ചെയ്യുന്ന വിഷയത്തിൽ ജനസാമാന്യത്തെ പ്രേരിപ്പിക്കുക എന്നിവയായിരുന്നു ഈ അവിശ്വാസികളുടെ സാധാരണ പരിശ്രമം. ലളിതകോമളമായ ഭാഷാരീതിയിൽ എഴുതപ്പെട്ടിരുന്ന അവരുടെ കൃതികൾ ജനസാമാന്യത്തെ നന്നേ വശീകരിച്ചു. അപ്പോഴേക്ക് പരന്ത്രീസു പരിവൎത്തനവും ആരംഭിച്ചു.

ഫ്രാൻസുരാജ്യത്തെ അക്കാലത്തു ഭരിച്ചുവന്നിരുന്ന ലൂയി ൧൬-ാമൻ എന്ന രാജാവിനേയും അദ്ദേഹത്തിൻെറ ഭാൎയ്യ

യേയും സഹോദരിയേയും ഫ്രാൻസിലെ പരിവത്തന നേതാക്ക
ക്കൾ കൊന്നൊടുക്കി. സഭയുടെ വസ്തുക്കളെയെല്ലാം അവർ ക
ണ്ടുകെട്ടി; സന്ന്യാസികളേയും സന്ന്യാസിനികളേയും അവരുടെ
അശ്രമങ്ങളിൽ നിന്നാട്ടി ഓടിച്ചു; വൈദികക്കു കഴുവും തടവും
ആധാരമായി. വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു വച്ചിരുന്ന
പാരീസ് ഭദ്രാസന ദേവാലയത്തിൽ അവർ ഒരു ദുർവൃത്തയാ
യ സ്ത്രീയേ പ്രതിഷ്ഠിച്ച് അവളെ ദേവവിഗ്രഹമായിക്കരുതി കീ
ത്തനങ്ങൾ പാടി. പരന്ത്രീസ് പരിവത്തനം മൂലം ഫ്രെഞ്ചു ജ
നതതി എത്രത്തോളം മതിമറന്നുപോയി എന്നു ഇതിൽനിന്നും
ഏറെക്കുറെ ഊഹിക്കാമല്ലൊ.

ദൈവമെന്നും മതമെന്നുമുള്ള വിചാരങ്ങളില്ലാതെയാ
യപ്പോൾ ജനങ്ങൾ എന്തു ക്രൂരതയും ചെയ്യുവാൻ മടിച്ചില്ല.
പരിവത്തന കത്താക്കൾ തന്നെ ഇപ്പോഴേക്കു ബുദ്ധിമുട്ടിത്തുടങ്ങി.
൧൮൦൦-ാമാണ്ടു ജഗൽപ്രസിദ്ധനായ നെപ്പോളിയൻ ബോണ
പ്പാർട്ടു ഫ്രഞ്ചുരാജ്യ ഭരണമേധാവിയായി ഭവിച്ചു. അദ്ദേഹം
൧൮൦൧-ൽ മാർപ്പാപ്പായുമായി ചെയ്ത ഉടമ്പടിപ്രകാരം കത്തോലി
ക്കമതം വീണ്ടും രാജ്യത്തിൽ ഏപ്പെട്ടുത്തപ്പെട്ടു. പക്ഷെ ഈ സ
മാധാനം കേവലം ക്ഷണികമായി ഭവിച്ചതേയുള്ളു. വിജയോ
ന്മത്തനായ നെപ്പോളിയൻ കേവലം അസാദ്ധ്യങ്ങളായ പല
അവകാശങ്ങളും മാർപ്പാപ്പായോടാവശ്യപ്പെട്ടു. അതു സാധിക്കാ
യ്കമൂലം അന്നത്തെ പരിശുദ്ധ പിതാവായിരുന്ന പീയൂസ് ഏഴാ
മനെ നെപ്പോളിയൻ ൧൮൦൯-ൽ കാരാഗൃഹത്തിലാക്കി.
എങ്കിലും യൂറോപ്യ മഹാശക്തികളുടെ ഐക്യ പരിശ്രമത്താൽ
നെപ്പോളിയൻ പരാജിതനാക്കപ്പെടുകയുണ്ടായി. പരിശുദ്ധ
പിതാവാകട്ടെ ൧൮൧൪-ൽ കാരാഗൃഹം വിട്ടു വത്തിക്കാൻ അ
രമനയിൽ വിജയശ്രീയോടുകൂടി പ്രവേശിക്കുകയും ചെയ്തു.

പരിന്ത്രീസ് പരിവത്തനത്തിൻെറ ഫലങ്ങൾ ഇതര രാ
ജ്യങ്ങളിലേക്കും ക്രമേണ പ്രവഹിച്ചു. ഇറാലി, സ്പെയിൻ, പോ
ർട്ടുഗൽ മുതലായ രാജ്യങ്ങളിലൊക്കെയും വൈദികരോടും സ
ന്ന്യാസിനികളോടുമുള്ള വിദ്വേഷം വർദ്ധിച്ചു. അവരുടെ ഭവ
നങ്ങളെയും സമ്പത്തിനെയും ഭരണകത്താക്കൾ വസൂലാക്കിവ
ന്നു. അരാജകത്വവും അനുസരണക്കേടും തന്നെ പരിഷ്കാര ല
ക്ഷണമായും ഭവിച്ചു.

ഇക്കാലഘട്ടത്തിൽ, അതായത്ു പത്തൊൻപതാം ശതകത്തിൻെറ മദ്ധ്യത്തിൽത്തന്നെയാണ് സഭയ്ക്കു വലുതായ ഒരു വിജയമുണ്ടായതായി വിചാരിക്കേണ്ടതു്. ൧൮൫൪ ഡിസംബർ മാസം എട്ടാംതീയതി പരിശുദ്ധ കന്യാസ്ത്രീ മറിയത്തിൻെറ അമലോത്ഭവം ഒരു വിശ്വാസ സത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ൧൮൭൦-ൽ കൂടിയ വത്തിക്കാൻ സൂനഹദോസിൽവച്ചു് മാർപ്പാപ്പായുടെ അപ്രമാദിത്വവും ഒരു വിശ്വാസ സത്യമായി പരിഗണിക്കപ്പെടുകയുണ്ടായി. വളരെ ആളുകൾ ഇക്കാരണത്താൽ തന്നെ മാർപ്പാപ്പായേയും സഭയേയും എതിരിടുവാൻതുടങ്ങി. ഇവരിൽ പ്രധാനിയായി നിന്നിരുന്നതു് ജർമ്മനിയിലെ ബിസ്മാർക്ക് എന്ന മന്ത്രിപ്രവരനായിരുന്നു. അവിടെയും സഭയ്ക്കു വളരെ ഇടിവും പരാജയവും സംഭവിച്ചുവെങ്കിലും രാജ്യതന്ത്രകുശലനായിരുന്ന ലെയോ പതിമൂന്നാമൻെറ നയവിശേഷംകൊണ്ടു് സഭയ്ക്കുതന്നെ ജർമ്മനിയിൽ ജയം കിട്ടുകയുണ്ടായി. എന്നു തന്നെയുമല്ല പ്രസ്തുത പാപ്പായുടെ കാലത്തു് യൂറോപ്പിൽ ഉണ്ടായ വ്യവസായ പരിവർത്തനത്തെ സാന്മാൎഗ്ഗികമാക്കിച്ചെയ്യുന്നതിനും അദ്ദേഹം തൻെറ പരമ്പ്യക്ലിപ്തകളിൽ ധാരാളം പരിശ്രമിച്ചിരുന്നു.

ഇദ്ദേഹത്തിൻെറ അനന്തരഗാമിയായ പീയൂസ് ദശമൻ ഒരു സമാധാനപ്രിയനും ഭക്തനും ആയിരുന്നു. ജനങ്ങളുടെ ഇടയിൽ ഭക്തി വർദ്ധിപ്പിക്കുന്നതിലും സാന്മാൎഗ്ഗിക ബീജങ്ങളെ വിതരണം ചെയ്യുന്നതിലും അദ്ദേഹം തൻെറ ഭരണകാലത്തെ വ്യയംചെയ്തു. ഇക്കഴിഞ്ഞ മഹാരണത്തിൻെറ ആരംഭം കണ്ടറിഞ്ഞു് ഭയാകുലനായി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു നിത്യസമാധാനം പ്രാപിക്കുകയും ചെയ്തു.

## ഏഴാം അദ്ധ്യായം

# ആധുനിക കാലം.

ഇപ്പോൾ കത്തോലിക്ക ലോകത്തെ ഭാഗ്യസമേതം വാണരുളുന്ന പരിശുദ്ധ പിതാവു് പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ ഒരു നല്ല ഭരണ നയജ്ഞനാണെന്നു ലോകം മുഴുവൻ ഇപ്പോൾ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഇക്കഴിഞ്ഞ യൂറോപ്യ

ൻ മഹാരണത്തിൽ അദ്ദേഹം മനുഷ്യകുലത്തിനാകപ്പാടേ ചെയ്തിട്ടുള്ള ഗുണങ്ങൾ സാമാന്യമല്ല. അദ്ദേഹം നിഷ്പക്ഷമായി നിന്നുകൊണ്ട് ശത്രുപക്ഷക്കാൎക്കു രണ്ടു കൂട്ടൎക്കും അനേക ഉപകാരങ്ങളും ഉപദേശങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. അദ്ദേഹം ജൎമ്മൻ കക്ഷിയാണെന്നു പറയാനു ചില ഇംഗ്ലീഷ്കാരും, ഇംഗ്ലീഷ് കക്ഷിയാണെന്നു പറയാൻ ചില ജൎമ്മൻകാരും, ഈ രണ്ടു കൂട്ടരേയും പിൻതാങ്ങാൻ ചില പത്രാധിപന്മാരും ഉണ്ടായിട്ടുണ്ടെങ്കിൽ അയതിനെ തൽക്കാലം വകവയ്ക്കാൻ നിവൃത്തിയില്ല തന്നെ.

ഏതായാലും ഒരു സാമ്രാജ്യിക ശക്തിയെന്ന നിലയിൽ മാൎപ്പാപ്പാമാൎക്കു അധുനികകാലത്തുണ്ടായിട്ടുള്ള നിലയും വിലയും സ്പൃഹണീയമായിത്തന്നെ ഇരിക്കുന്നു. ഏതൻമൂലമായിട്ടാണല്ലോ വത്തിക്കാനുമായിട്ടുള്ള രാജ്യകാൎയ്യബന്ധം ദൃഢപ്പെടുത്തുന്നതിനായി ഇംഗ്ലണ്ടു ഫ്രാൻസ് തുടങ്ങിയുള്ള ശത്രു രാജ്യങ്ങൾ കൂടി ശ്രമിക്കുന്നതു്. ഇക്കഴിഞ്ഞ യുദ്ധത്തിൽ മാൎപ്പാപ്പാ തുൎക്കിക്കു ചെയ്തുകൊടുത്ത സഹായങ്ങൾക്ക് ഉപകാരസ്മരണയായി ആ മഹമ്മദീയ രാജ്യക്കാർ കോൺസ്റ്റാൻറിനോപ്പിൾ പട്ടണത്തിൽ ഒരു വലിയ സൌധം കെട്ടിയിട്ടു അധികംകാലമായിട്ടില്ല. പൌരസ്ത്യ ക്രിസ്ത്യാനികളുടെ പുനരാഗമവിഷയത്തിലും ഇപ്പോഴത്തെ പ. പിതാവു് ബദ്ധശ്രദ്ധനായിരിക്കുന്നു. കിഴക്കൻറീത്തുകളുടെ ഭരണത്തിന്നായി ഒരു പ്രത്യേക തിരുസംഘം സ്ഥാപിച്ചിരിക്കുന്നതുതന്നെ ഇതിനുള്ള ഒരു മുഖ്യ തെളിവാണല്ലോ.

ഈ ചെറിയ പ്രബന്ധത്തെ ഇനി ഇവിടെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാ നാമം ഇപ്പോൾ പലേ ക്രൈസ്തവസഭാ വിഭാഗങ്ങളും സ്വീകരിക്കാറുണ്ടെങ്കിലും ആ വിശേഷസംജ്ഞ സാക്ഷാൽ റോമൻ കത്തോലിക്കാ സഭയ്ക്കു മാത്രമേ യോജിക്കുകയുള്ളുവെന്ന് ഇത്രയും പ്രസ്താവിച്ചതിൽ നിന്നു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. സകല ജാതികളെയും പഠിപ്പിക്കുന്നതിലേക്ക് ക്രിസ്തു സ്ഥാപിച്ച സഭ തീർച്ചയായും സാൎവ്വത്രികമായിരിക്കണം. ഇപ്പോഴത്തെ യവനായസഭയ്ക്കോ, ആംഗ്ലിക്കൻ സഭയ്ക്കോ, യാക്കോബായ സഭയ്ക്കോ, മാൎത്തോമ്മാ സഭയ്ക്കോ ഏതാദൃശമായ സാൎവ്വത്രികത്വം— വിശ്വാസത്തിലും അധികാരത്തിലും— ഇല്ലെന്നുള്ളതു് നിർവിവാദമാണല്ലൊ. നേരെമറിച്ച് ഇററലി

ലും ജൎമ്മനിയിലും, ഇംഗ്ലണ്ടിലും ഫ്രാൻസിലും, തെക്കെ അമേരിക്കയിലും ആഫ്രീക്കായിലും, ജപ്പാനിലും ചൈനയിലും എവിടെച്ചെന്നാലും കത്തോലിക്ക സഭയേയും അതിന്റെ ഉപരിയായ സ്ഥാപനങ്ങളേയും നാം കാണുന്നു. കത്തോലിക്ക സഭയോളം ജനസംഖ്യയും പ്രാബല്യവുമുള്ള ഒരു മതമാകട്ടെ സഭയാകട്ടെ ഇപ്പോൾ ഭൂമുഖത്തില്ലതന്നേ.

കത്തോലിക്കസഭയോളം ഇത്ര അത്ഭുതകരമായ ഒരു സ്ഥാപനം വേറേ ഏതാണുള്ളതു്? റോമാചക്രവൎത്തികൾ, വിദ്വാന്മാരായ ക്രിസ്തീയ വൈദികർ, അതിപ്രബലന്മാരായ ജൎമ്മൻചക്രവൎത്തികൾ, സൎവ്വകലാവിശാരദനായിരുന്ന നെപ്പോളിയൻ ചക്രവൎത്തി, നയകുശലനായ ബിസ്മാൎക്ക് മന്ത്രിപ്രവരൻ, ഇവരൊക്കെയും കത്തോലിക്ക സഭയെ അടിപെടുത്തുന്നതിന്നു ധാരാളം ശ്രമിച്ചിട്ടുണ്ടു്. പക്ഷേ ക്രിസ്തുവിന്റെ സഭ ഏതൽപൎയ്യന്തം നരകവാതില്പുകളാൽക്കൂടി അജയ്യമായി നിലനിന്നുപോരുന്നു. കേവലം മരപ്പണിക്കാരനായ ഒരു യൂദന്റെ പുത്രനെന്നു ഇതരലോകം പറയുന്ന യേശുവിന്റെ വേദത്തിന്നു ഇത്ര മഹത്തായ ഒരു സ്ഥാപനം കിട്ടിയതെങ്ങനെയാണെന്നാണു് നോക്കേണ്ടതു്. വിദ്യാഭ്യാസമോ കുലീനതയോ ഇല്ലാത്ത വെറും അപരിഷ്കൃതരായ മുക്കുവന്മാരുടെ പ്രസംഗഫലമായിട്ടല്ലയോ ലോകം ഈ മതത്തെ അവലംബിച്ചിട്ടുള്ളതു? രാജ്യങ്ങളും സാമ്രാജ്യങ്ങളും ഉയരുകയും താഴുകയും ചെയ്യുന്നു. ഉന്നതമായ ഒരു തലസ്ഥാനപട്ടണം നിന്നിരുന്ന സ്ഥലത്തെത്തന്നെ താമസിയാതെ കൎഷകന്മാർ ഉഴുതുമറിക്കുന്നു. പക്ഷേ ക്രിസ്തുവിന്റെ സാമ്രാജ്യമാകട്ടെ എപ്പോഴും അഭിനവാരോഗ്യത്തോടും വിജയത്തോടും ധീരതയോടുംകൂടി തന്റെ പ്രജകളെ രക്ഷിച്ചും ശത്രുക്കളെ പരാജയപ്പെടുത്തിയും ഒരു ലോകാതിശയമായി പരിലസിക്കുന്നു.

A. M. D. G.

Printed and published for the proprietor by P. K. Joseph, at
St. Joseph's Press, Mannanam, 1921.

# നമ്മുടെ സ്വകാൎയ്യം.

'കുസുമ ഗ്രന്ഥാവലി' വക ഏഴാം നമ്പർ പ്രസിദ്ധീകരണമാണ് ഈ പുറപ്പെടുന്നത്. അവസരോചിതമായ ഈ പുതിയ പ്രസ്ഥാനത്തിൽ എല്ലാ പ്രകാരത്തിലുമുള്ള പ്രോത്സാഹനങ്ങൾ ഞങ്ങൾക്കുണ്ടായിക്കൊണ്ടാണിരിക്കുന്നതെന്നു കൃതജ്ഞതാപൂൎവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ദാനമായിട്ടും വരിസംഖ്യയായിട്ടും പണമയച്ചുതന്നുകൊണ്ടും, നൂറും ഇരുനൂറും പുസ്തകങ്ങൾവരെ ഒരേസമയത്തു വാങ്ങിച്ചുകൊണ്ടും ഇതിലേക്കു സഹായിച്ചിട്ടുള്ള ആ മഹാനുഭാവന്മാരുടെ സഹകരണമില്ലായിരുന്നെങ്കിൽ പ്രതിമാസം ഇങ്ങനെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നതിനു നമ്മുടെ ഗ്രന്ഥാവലിക്കു സാധിക്കുന്നതല്ലായിരുന്നു. എന്നല്ല, മാസംതോറും ഓരോ പുസ്തകം പ്രസിദ്ധപ്പെടുത്തണമെന്നോ, പ്രസിദ്ധപ്പെടുത്താൻ സാധിക്കുമെന്നോ പ്രവൎത്തകന്മാൎക്കുതന്നേ വിചാരമുണ്ടായിരുന്നില്ല. പൊതുജനസാഹായ്യവും പ്രോത്സാഹനവുമുണ്ടെങ്കിൽ എന്താണു സാധിക്കാത്തത്?

അഞ്ഞൂറു വരിക്കാരോളമുള്ള ഒരു മാസികയായിട്ടാണ് ഇപ്പോൾ നമ്മുടെ ഗ്രന്ഥാവലി തീൎന്നിരിക്കുന്നത്. അനാവശ്യമെന്നല്ല അത്യാവശ്യമുള്ള ചെലവുകളെയും ഒഴിച്ചുവച്ചു കഴിയുന്നത്ര ചുരുങ്ങിയ നിലയിലാണ് അതിനെ നടത്തിക്കൊണ്ടുപോരുന്നത്. അതിനു റൈട്ടന്മാരാകട്ടെ മററു ശമ്പളക്കാരാകട്ടെ യാതൊന്നുമില്ല. 'കുസുമ'ത്തിന്റെ തണലിൽ തന്നെ വളൎന്നുപോരുന്നു. ഇതെല്ലാമായിട്ടും നിത്യവൃത്തിക്കു ബുദ്ധിമുട്ടുന്നുള്ള പരമാൎത്ഥം ഈ വിഷയത്തിൽ പരിചയപ്പെട്ടിട്ടുള്ളവരോടു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു ഞങ്ങളുടെ മാന്യവരിക്കാരും അഭ്യുദയകാംക്ഷികളുമായിട്ടുള്ളവർ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പാനപേക്ഷ. അനാവശ്യ നഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയാക്കാതെ ഗ്രന്ഥാവലിക്കുള്ള ചില്ലറത്തുക ഇവിടെ എത്തിച്ചുതരാൻ ഓൎമ്മവച്ചാൽ മാത്രം മതി. വി. പി. അയച്ചു വരിപ്പണം ഈടാക്കാൻ മാത്രമുള്ള സൌകൎയ്യം ഉണ്ടായിട്ടില്ല. എന്നുതന്നെയല്ല, വി. പി. ക്കു ഇപ്പോൾ കൂടുതൽ പണച്ചെലവും വേണം. വൃഥാ ആ നഷ്ടം നാം സഹിക്കേണ്ടതില്ല. മണിയോർഡർ ഏൎപ്പാടു അതിലും ലാഭമാണ്. പലരും ചെയ്തുവരുന്നതുപോലെ 'കുസുമ'ത്തിനോ 'ദീപിക'ക്കോ പണം അയക്കുന്ന കൂട്ടത്തിൽ ഈ വകയ്ക്കുള്ളതും അയച്ചാൽ ഒന്നുകൂടി ലാഭമായി. ഇങ്ങനെ അനാവശ്യ ചെലവുകൾ കഴിയുന്നതും കുറച്ചാൽ ആ വക ലാഭം ഏതെല്ലാം നല്ല കാൎയ്യങ്ങൾക്കു വിനിയോഗിപ്പാൻ പാടുണ്ട്?

മാനേജർ, കൎമ്മലകുസുമം. മാന്നാനം.